ഭരണഭാഷ-മാതൃഭാഷ

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: എ. ജയിംസ് രാജ്)**

തിരുവനന്തപുരം

നമ്പർ. 7480/2020/ഇ 9/ഡിപി തീയതി. 21/10/2020

വിഷയ വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - വർക്ക്ഷോപ്പ് വിഭാഗം സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. അച്ചടി വകുപ്പ് ഡയറക്ടറുടെ 19/10/2020 ലെ 14472/2020/ഇ 9/ഡിപി നമ്പർ ഉത്തരവ്.
2. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ സീനിയർ മെക്കാനിക്ക് ശ്രീ. സിബിച്ചൻ. എ.ഒ യുടെ അപേക്ഷ.
3. കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ മെക്കാനിക്ക് ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ അപേക്ഷ.
4. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ ടെക്നീഷ്യൻ സീനിയർ ഗ്രേഡ് ശ്രീ. അൻസാർ. വി. വൈ യുടെ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പിൽ വർക്ക്ഷോപ്പ് വിഭാഗത്തിൽ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ വർക്ക്ഷോപ്പ് ഫോർമാനായ ശ്രീ. റ്റി. മുരളീധരൻ 30/09/2020 ൽ അധിവർഷ പെൻഷൻ പറ്റി പിരിഞ്ഞതുമൂലം മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ വർക്ക്ഷോപ്പ് ഫോർമാന്റെ ഒരൊഴിവ് നിലവിലുണ്ട്. സീനിയർ ഗ്രേഡ് ടെക്നീഷ്യൻമാരിൽ സീനിയറായ ശ്രീ. കെ.കെ. ശശി പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം വിട്ടൊഴിഞ്ഞിട്ടുണ്ട്. വർക്ക്ഷോപ്പ് ഫോർമാന്റെയും തുടർന്ന് വരുന്ന തസ്തികയിലെ ഒഴിവുകളിലേയ്ക്കും പരാമർശം (2),(3),(4) പ്രകാരമുള്ള അപേക്ഷകളിൽ പരിഗണിക്കാവുന്നവ പരിഗണിച്ചും മറ്റുള്ള ജീവനക്കാരുടെ അപേക്ഷകൾ ഇനി വരുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കാമെന്ന വ്യവസ്ഥയിൽ നിരസിച്ചും താഴെ പറയും പ്രകാരം സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി നിയമിക്കപ്പെടുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|---|
| 1. | ശ്രീ. സിബിച്ചൻ. എ.ഒ<br>സീനിയർ മെക്കാനിക്ക്,<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | സ്ഥാനക്കയറ്റം<br>വർക്ക്ഷോപ്പ് ഫോർമാൻ<br>ഗവൺമെന്റ് പ്രസ്സ്<br>മണ്ണന്തല<br>(30700 – 65400) | ശ്രീ. റ്റി. മുരളീധരൻ വിരമിച്ച ഒഴിവിൽ | |
| 2. | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>മെക്കാനിക്ക്,<br>ഗവൺമെന്റ് പ്രസ്സ്,<br>കോഴിക്കോട്. | സ്ഥാനക്കയറ്റം<br>സീനിയർ മെക്കാനിക്ക്<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം<br>(29200 – 62400) | ശ്രീ. സിബിച്ചൻ. എ.ഒ യ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ | |
| 3. | ശ്രീ. ജെ. അനിൽ കുമാർ<br>സീനിയർ ഗ്രേഡ് ടെക്നീഷ്യൻ,<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | സ്ഥാനക്കയറ്റം<br>മെക്കാനിക്ക്,<br>ഗവൺമെന്റ് പ്രസ്സ്<br>കോഴിക്കോട്<br>(27800 – 59400) | ശ്രീ. കെ. കൃഷ്ണൻകുട്ടി യ്ക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ | |
| 4. | ശ്രീ. ജെയ്സൺ ചാക്കോ<br>ഒന്നാം ഗ്രേഡ് ടെക്നീഷ്യൻ,<br>ഗവൺമെന്റ് പ്രസ്സ്,<br>എറണാകുളം | സ്ഥാനക്കയറ്റം<br>സീനിയർ ഗ്രേഡ് ടെക്നീഷ്യൻ<br>ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം.<br>(26500 – 56700) | ശ്രീ. ജെ. അനിൽ കുമാറിന് സ്ഥാനംക്കയറ്റം നൽകിയ ഒഴിവിൽ | |

ടി സ്ഥലംമാറ്റങ്ങൾ ജി.ഒ (പി) 3/2017/ഉ.ഭ.പ.വ ലെ വ്യവസ്ഥകൾക്കനുസരിച്ചാണ്. ടി സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നിയമനങ്ങളിൽ ആക്ഷേപമുള്ളപക്ഷം ഉത്തരവിലെ ഖണ്ഡിക 7(ii) പ്രകാരം വകുപ്പ് സെക്രട്ടറിയ്ക്ക് അപ്പീലുകൾ സമർപ്പിക്കാവുന്നതാണ്. സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ അതാത് ഡെപ്യൂട്ടി സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃതമായ ചേരുംകാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ/ ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം / ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല/എറണാകുളം/കോഴിക്കോട്/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഓഫീസ് മാനേജർ/സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട്ഇ II/ജിസിപി ഇ7/ചീഫ് ടൈം കീപ്പർ/ചീഫ് വർക്ക്ഷോപ്പ് ഫോർമാൻ/ ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എസ്.കെ.